**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എസ്റ്റാ - കുടുംബശ്രീ ആശ്രയ (അഗതി പുനരധിവാസ പദ്ധതി) പരിചരണ സേവനങ്ങൾ പുന:പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്.

സ.ഉ.(എം.എസ്) നം. 151/09/തസ്വഭവ തീയതി, തിരുവനന്തപുരം . 1/8/2009.

---

പരാമർശം. 1) ജി.ഒ (എം.എസ്)45/03/പ്ളാനിംഗ്, തീയതി,23/3/2003.
2) 6/7/2009 ലെ കുടുബശ്രീ എക്സിക്യുട്ടീവ് ഡയറക്ടറുടെ കെ.എസ്/എൽ/2346/02 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമപ്രദേശങ്ങളിലെ നിരാശ്രയരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആശ്രയ. പദ്ധതി പ്രകാരം കണ്ടെത്തിയ അഗതികൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, പെൻഷൻ, വിദ്യാഭ്യാസം എന്നീ അതിജീവനാവശ്യങ്ങളും കിടപ്പാടം, കുടിവെള്ളം, ശുചിത്വ സംവിധാനങ്ങൾ എന്നീ അടിസ്ഥാനാവശ്യങ്ങളും, തൊഴിൽ പരിശീലനം, വ്യക്തിത്വ വികാസം തുടങ്ങിയ വികസനാവിശ്യങ്ങളും സമൂഹവുമായി ഇടപഴകുന്നതിന് ആത്മബലം നൽകുന്നതിനാവശ്യമായ കൗൺസിലിംഗ് മറ്റു പരിശീലനങ്ങൾ ഉൾപ്പെടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി ലഭ്യമാക്കിവരുന്നു. ആശ്രയ പ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് നാളിതുവരെയായി 758 ഗ്രാമപഞ്ചായത്തുകളും 24 നഗരസഭകളും അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുകയും അവയ്ക്ക് ആശ്രയ പദ്ധതി പ്രകാരമുള്ള ചലഞ്ച് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മുഖാന്തിരം 60532 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിവരുന്ന മറ്റു പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തമായി ഏറെ പ്രയാസകരമാണ് അഗതി പുനരധിവാസ പദ്ധതിയുടെ നിർവ്വഹണം. ആയതിന്റെ അടിസ്ഥാനത്തിൽ 2002--03 വർഷം മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആശ്രയ പദ്ധതി നിർവ്വഹണം നടത്തുന്നതിൽ നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും പദ്ധതി നടത്തുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നതിനും 2007 ൽ കുടുംബശ്രീ മിഷൻ എല്ലാ ജില്ലകളിലും ആശ്രയ പദ്ധതിയുടെ നിർവ്വഹണത്തെ വിലയിരുത്തിയിരുന്നു. അതിൽ പ്രധാനമായും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനഘടകങ്ങൾ, ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ, വിവിധ സ്രോതസ്സുകളിലൂടെ കണ്ടെത്താൻ ശ്രമിച്ച തുക, പ്രോജക്ട് രൂപീകരണ പ്രക്രിയ തുടങ്ങിയവ വിലയിരുത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധിനിധികൾ, നിർവ്വഹണ

ഉദ്യോഗസ്ഥർ, മെമ്പർ സെക്രട്ടറിമാർ, സി.ഡി.എസ് /എ.ഡി.എസ് ഭാരവാഹികൾ, സി.ഡി.എസ് ആശ്രയ സബ്കമ്മിറ്റി അംഗങ്ങൾ, ഗുണഭോക്താക്കൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടും പദ്ധതിയുടെ വിവിധതരത്തിലുള്ള ബുദ്ധിമുട്ടുകളും പോരായ്മകളും സംബന്ധിച്ചും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പദ്ധതി വിലയിരുത്തൽ പ്രക്രിയ നടത്തിയിരുന്നു. പഠനത്തിലൂടെ ആശ്രയ പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന്റെ പരിമിതികൾ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച പ്രശ്നങ്ങൾ (ഇതര വകുപ്പുകൾ/സംഘടനകൾ/സംഭാവന തുടങ്ങിയവ). ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട സേവന ലഭ്യതയിലെ അപാകതകൾ അനർഹരായ ഗുണഭോക്താക്കളുടെ കടന്നുകയറ്റം എന്നിവ വെളിപ്പെടുകയും ചെയ്തിരിക്കുന്നു. കൂടാതെ 2008 ലെ കംപ്രോളർ & ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലും ആശ്രയ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തിയ വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയതിന് സമാനമായ പരാമർശങ്ങൾ ഉണ്ടായിരുന്നു. ആയതിൽ പ്രധാനമായും ഉരുത്തിരിഞ്ഞിട്ടുള്ള അപാകതകളും ബുദ്ധിമുട്ടുകളും ചുവടെ ചേർത്തിരിക്കുന്നവയാണ്.

1. അനർഹരായവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരിക്കുന്നു
2. അ ർഹരായ ധാരാളം പേർ പദ്ധതിക്കു പുറത്തു നിൽക്കുന്നു
3. ഭക്ഷണം ആവശ്യമുള്ള ഗുണഭോക്താവിന് അതു ലഭ്യമാക്കുന്നതിനു പകരം ഫുഡ് അലവൻസ് നൽകുന്നു.
4. ചികിത്സ ആവശ്യമുള്ള ഗുണഭോക്താവിന് അതു ലഭ്യമാക്കുന്നതിനു പകരം ചികിത്സാ അലവൻസ് നൽകുന്നു
5. അ തിജീവനാവശ്യങ്ങൾ നടപ്പാക്കുന്നതിലുള്ള താൽപ്പര്യമില്ലായ്മ
6. ഭക്ഷണം, മരുന്ന് തുടങ്ങിയവ തുടർച്ചയായി ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്ത അവസ്ഥ
7. സ്ഥലം വാങ്ങി വീടുവച്ചു നൽകുന്നതിന് പകരം ആയതിനുള്ള തുക നൽകുന്നു.
8. ഭവന നിർമ്മാണത്തിനുള്ള കാലവിളംബം
9. ആശ്രയ പദ്ധതി ഒരു ഭവനനിർമ്മാണ പദ്ധതിയായി മാറുന്നു
10. വിവിധ സ്കീമുകളിൽ ഉൾപ്പെട്ടിട്ടുള്ള പെൻഷൻ നൽകുന്നതിന് മുൻഗണന നൽകണമെന്ന നിർദ്ദേശം മറികടന്ന് പദ്ധതി പണം ഉപയോഗിച്ച് പെൻഷൻ നൽകുന്നു.
11. ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ മോണിറ്ററിംഗ് ചെയ്യുന്നതിന് സി.ഡി.എസ്സിനു ലഭ്യമാവേണ്ട കംപ്യൂട്ടർ സംവിധാനം പ്രാവർത്തികമാക്കുന്നതിലെ വീഴ്ച.
12. ധനവിനിയോഗത്തിലെ അവ്യക്തത
13. പദ്ധതി നടപ്പാക്കുന്നത് വിലയിരുത്തുന്നതിനും മേൽനോട്ടത്തിനും ഉള്ള സംവിധാനക്കുറവ്
14. പ്രോജക്ടിൽ വകയിരുത്തിയിരുന്ന (ഇതര സർക്കാർ വകുപ്പുകൾ / ഏജൻസികൾ / സംഘടനകൾ തുടങ്ങിയവരുടെ) തുക ലഭ്യമാകാത്ത അവസ്ഥ.
15. വിവിധതരം സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഒരു പദ്ധതിയാക്കി മാറ്റുന്നു.
16. പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന സേവനപദ്ധതികളിൽ മുൻഗണന നൽകണമെന്ന ഗവൺമെന്റ് നിർദ്ദേശം അവഗണിക്കപ്പെടുന്നു.

മേൽ പരാമർശിച്ച അപാകതകൾ പദ്ധതിയുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ആശ്രയ പദ്ധതിയുടെ ഗുണനിലവാരം ഉയർത്തുന്നതിനും സമയബന്ധിതമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടപ്പാക്കുന്നതിനും ഇനിയും അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനും വേണ്ടി ഇതോടൊന്നിച്ച്

അനുബന്ധമായി ചേർത്തിരിക്കുന്നമാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഡി.മോഹനപ്രസാദ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ കുടുംബശ്രീ ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്റർ മാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം.)
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം.(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

എ. 2002-03 മുതൽ 2008-09 വരെ നടപ്പാക്കിവരുന്ന മുഴുവൻ പദ്ധതികളും പുനപരിശോധനയ്ക്ക് വിധേയമാക്കുകയും വികസനാവശ്യങ്ങളും അതിജീവനാവശ്യങ്ങളും തുടർന്നും ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

ബി. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടാതെ പോയ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്കാവശ്യമായ പരിചരണസേവന ഘടകങ്ങൾ നൽകുന്നതിന് പ്രത്യേക ഉപപ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുക

**നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അംഗീകൃത പദ്ധതിയുടെ പുനപരിശോധനാ രീതി**

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളേയും നേരിട്ട് സന്ദർശിച്ച് നിലവിലെ ജീവിതാവസ്ഥ മനസ്സിലാക്കുക. പദ്ധതിയിൽ ഉൾപ്പെട്ടതിനു ശേഷം ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്? ഏതൊക്കെ സേവനങ്ങളാണ് വേണ്ടിയിരുന്നത് ? ഏതൊക്കെ സേവനങ്ങളാണ് ലഭിക്കാതെ പോയത്? ഏതൊക്കെ സേവനങ്ങളാണ് തുടർന്നും അനിവാര്യമായി ആവശ്യമുള്ളത് ? പദ്ധതിയിലെ സേവനങ്ങൾ തുടർന്നും ആവശ്യമില്ലാത്ത ഗുണഭോക്താക്കളെ പദ്ധതിയുടെ പരിധിക്കുള്ളിൽ നിന്നും ഒഴിവാക്കുക, ഇതിനാവശ്യമായ വസ്തുതകൾ ഗുണഭോക്താവിൽ നിന്നുതന്നെ നേരിട്ട് സമാഹരിക്കാൻ സാധിക്കണം. ഇതിനായി അനുബന്ധം 1-ൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. നിലവിലുള്ള അംഗീകൃത പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കളേയും സർവ്വേയിൽ ഉൾപ്പെടുത്തേണ്ടതാണ്.

അനുബന്ധം-1 ൽ രേഖപ്പെടുത്തിയ വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ട് അനുബന്ധം-2 ൽ സേവനം ആവശ്യമുള്ള കുടുംബങ്ങൾ/ഗുണഭോക്താക്കൾ, ആവശ്യമായ സേവനം, നിലവിലുള്ള പ്രോജക്ട് പ്രകാരം ബാക്കിയുള്ള തുക, ബന്ധപ്പെട്ട ഏജൻസികൾ എന്നിവ കണ്ടെത്താവുന്നതാണ്. തുടർന്ന് അനുബന്ധം-3-ൽ തുടർ സേവനം ആവശ്യമുള്ള ഗുണഭോക്താക്കളുടെ പേര് വിവരവും സേവനവും, ആവശ്യമായ തുകയും വിശദമായി

കാണിക്കേണ്ടതാണ്. അനുബന്ധം-4-ൽ പദ്ധതിയുടെ തുടർ സേവനം സംബന്ധിച്ച പ്രോജക്ടിന്റെ സംഗ്രഹം ഉൾപ്പെടുത്താവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവലോകനം നടത്തുന്നതിന് അനുബന്ധം 4 പ്രയോജനപ്രദമാകും.

പുനപരിശോധനയ്ക്കായി ചുവടെ ചേർക്കുന്ന രീതികൾ പരിഗണിക്കാവുന്നതാണ്.

a) വിവിധ കോളേജുകളിലെ എം.എസ്.ഡബ്ല്യൂ രണ്ടാം വർഷ വിദ്യാർത്ഥികളേയോ സോഷ്യൽസയൻസ് വിദ്യാർത്ഥികളേയോ ഉപയോഗിച്ച് പരിശോധന നടത്താവുന്നതാണ്.

b) എം.എസ്.ഡബ്ല്യൂ രണ്ടാം വർഷ വിദ്യാർത്ഥികളെ ലഭ്യമല്ലാത്ത അല്ലെങ്കിൽ പ്രായോഗികമല്ലാത്ത പക്ഷം നാഷണൽ സർവ്വീസ് സ്കീമിലെ വിദ്യാർത്ഥികളുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

c) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ നിയോഗിക്കുന്ന ജില്ലാ തല റിസോഴ്സ് ഗ്രൂപ്പുകളെ പുനപരിശോധനയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

d) അഗതി പുനരധിവാസ പദ്ധതിയിലൂടെ ഇത്തരം വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് സാമൂഹ്യ പ്രതിബദ്ധതയും കാര്യക്ഷമതയും കൃത്യതയും ഉള്ള സന്നദ്ധ സംഘടനകളെയും ഈ ചുമതല ഏൽപ്പിക്കാവുന്നതാണ്.

c) മേൽ സൂചിപ്പിച്ച ഏതെങ്കിലും ഒരു രീതി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും സാധ്യതയ്ക്കനുസരിച്ച് അതാത് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്ക് തീരുമാനിക്കാവുന്നതാണ്.

മേൽ വിവരിച്ച പുനപരിശോധനാ രീതി ഉപയോഗിച്ച് സൂചിപ്പിച്ചിട്ടുള്ള അനുബന്ധങ്ങളുടെ സഹായത്തോടുകൂടി സർവ്വേ പൂർത്തിയായതിനു ശേഷം തുടർ സഹായം ആവശ്യമുള്ള കുടുംബങ്ങളുടെ വിവരങ്ങളും ആവശ്യമായ സേവന ഘടകങ്ങളും ഉൾപ്പെടുത്തിയ പ്രോജക്ട് റിപ്പോർട്ട് (അനുബന്ധം-2,3,4) ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് പ്രോജക്ട് സമർപ്പിക്കുമ്പോൾ കാസ്സിന്റെ ആഡിറ്റ് സ്റ്റേറ്റ്മെന്റുകൂടി അടക്കം ചെയ്തിരിക്കണം. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിച്ച പ്രോജക്ട്

റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഡി.പി.സിയുടെ അറിവിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ആശ്രയ പുനപരിശോധനയിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ ഫോറം (അനുബന്ധം 1) ഒഴിച്ച് മറ്റുള്ള ഫോറങ്ങൾ കുടുംബശ്രീ സംസ്ഥാനമിഷനിൽ സമർപ്പിക്കേണ്ടതാണ്. മറ്റുള്ള എല്ലാ ഫോറങ്ങളും ആവശ്യമുള്ള പകർപ്പുകൾ പഞ്ചായത്ത് ഓഫീസ്/സി.ഡി.എസ്/കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് എന്നിവിടങ്ങളിൽ സൂക്ഷിക്കണം. ഗുണഭോക്താക്കളുടെ വിവര ശേഖരപ്പട്ടിക പ്രത്യേകം ബൈൻഡ് ചെയ്ത് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് നഗരസഭാ തലത്തിൽ വിലയിരുത്തൽ സമിതിയിൽ നിന്നും ഒരു ഉപസമിതി രൂപീകരിച്ച് മോണിറ്ററിംഗ് ചെയ്യേണ്ടതാണ്. വിലയിരുത്തൽ ഉപസമിതിയിൽ പഞ്ചായത്ത് പ്രസിഡന്റ്/നഗരസഭാ ചെയർമാൻ അധ്യക്ഷനായും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഉപാധ്യക്ഷനായും സി.ഡി.എസ് ഭാരവാഹി/മുൻ സി.ഡി.എസ് ഭാരവാഹി പ്രതിനിധികൾ, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിലെ പ്രതിനിധികൾ, ഇത്തരം പദ്ധതികളിൽ പ്രവർത്തിക്കുന്നതിന് സ്വമേധയാ താൽപ്പര്യമുള്ള പൊതുപ്രവർത്തകർ, സി.ഡി.എസ്. സബ് കമ്മിറ്റി മെമ്പർമാർ, സാമൂഹ്യ ക്ഷേമ സബ്കമ്മിറ്റി മെമ്പർമാർ, മെമ്പർ സെക്രട്ടറി തുടങ്ങിയവർ അംഗങ്ങളായും ഉണ്ടായിരിക്കണം. തയ്യാറാക്കിയ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുകയും, എല്ലാ മാസവും 5 തീയതിക്കുള്ളിൽ പദ്ധതിയുടെ നടപ്പാക്കൽ പുരോഗതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഡി.എം.സി മുഖാന്തിരം ഡി.പി.സി.ക്ക് സമർപ്പിക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സംസ്ഥാന മിഷനും സമർപ്പിക്കേണ്ടതാണ്. പദ്ധതി പുനപരിശോധന നടപ്പിലാക്കുന്നതിന് മുമ്പ്, ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ ഫണ്ടുകൾ കുടുംബശ്രീ കുടുംബശ്രീ അക്കൗണ്ട്സ് & ആഡിറ്റ് സർവ്വീസ് (കാസ്) ടീമിനെ കൊണ്ട് ആഡിറ്റ് നടത്തി ബാക്കിയുള്ള തുക (തുക + പലിശ) മെമ്പർ സെക്രട്ടറിയുടേയും, സി.ഡി.എസ്. ചെയർപേഴ്സണിന്റേയും പേരിലുള്ള പ്രത്യേക അക്കൗണ്ടിലേയ്ക്ക് (ആശ്രയ പദ്ധതിക്ക് പ്രത്യേകമായുള്ള) മാറ്റേണ്ടതാണ്. പ്രത്യേക ആശ്രയ അക്കൗണ്ട് ഇല്ലാത്ത സി.ഡി.എസ്സുകൾ എത്രയും പെട്ടെന്ന് തുടങ്ങേണ്ടതാണ്.

കിടപ്പാടം, വീട്, കുടിവെള്ളം തുടങ്ങി അടിസ്ഥാന ആവശ്യങ്ങളും, തൊഴിൽ, തൊഴിൽ പരിശീലനം തുടങ്ങിയ വികസനാവശ്യങ്ങളും ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ അതിജീവനാവശ്യങ്ങളുമാണ് തുടർന്ന് നല്കേണ്ടതിന് പരിഗണിക്കേണ്ടത്. നിലവിൽ ലഭ്യമായ ചലഞ്ച് ഫണ്ട് (40% പരമാവധി 15 ലക്ഷം രൂപ) മുഴുവൻ ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിജീവനാവശ്യങ്ങൾക്കും, വികസനാവശ്യങ്ങൾക്കും, ആവശ്യമുള്ള തുക ഒരു വർഷത്തേയ്ക്ക് കുടുംബശ്രീ മിഷനിൽ നിന്നും അനുവദിക്കുന്നതാണ്. പ്രത്യേകം തയ്യാറാക്കുന്ന ഇത്തരം ഉപ പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ വകുപ്പുകൾ, സംഘടനകൾ, വ്യക്തികൾ തുടങ്ങിയവയിൽ നിന്നും ധനസഹായം സമാഹരിക്കുവാനും സാധിക്കണം. മറ്റ് അടിസ്ഥാന ആവശ്യങ്ങളും, വികസനാവശ്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബന്ധപ്പെട്ട പദ്ധതികളുമായി കൂട്ടിച്ചേർത്ത് നടപ്പിലാക്കേണ്ടതാണ്. കൂടാതെ മുഴുവൻ ആശ്രയ ഗുണഭോക്താക്കളേയും ആർ.എസ്.ബി.വൈ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും വേണം.

പുനപരിശോധന നടത്തി പദ്ധതി അവലോകനം ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം (യാത്രാബത്ത, മീറ്റിംഗുകൾ, ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവ) നിറവേറ്റുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ പരമാവധി 5000 രൂപ വരെ ഒരു പഞ്ചായത്തിന് അനുവദിക്കാവുന്നതാണ്.

# ആശ്രയ പദ്ധതി - കുടുംബഅവലോകന ഫോറം

ഗ്രാമ പഞ്ചായത്ത്/നഗരസഭ:-

വിലയിരുത്തൽ തീയതി:

1. കുടുംബനാഥ(ൻ)യുടെ പേര് :
2. മേൽവിലാസം :
3. വിഭാഗം : ജനറൽ/എസ്.സി/എസ്.ടി
4. വില്ലേജ് :
5. വാർഡ് നമ്പർ, വീട്ട് നമ്പർ :
6. പുതിയ വാർഡ് നം. വീട്ട് നം:
7. പ്രോജക്ട് രേഖയിലെ ക്രമനമ്പർ :
8. മോണിറ്ററിംഗ് രജിസ്റ്ററിലെ ക്ര. നം. :
9. കുടുംബത്തിലെ ആകെ അംഗങ്ങൾ :
10. കുടുംബത്തിൽ നിലവിലുള്ള അംഗങ്ങൾ :
11. എ) റേഷൻ കാർഡ് നമ്പർ :

    എ.പി.എൽ/ബി.പി.ൽ/എ.എ.വൈ

    ബി) റേഷൻ ഷോപ്പ് നമ്പർ :

12. നിലവിലുള്ള സ്ഥിതിവിവരങ്ങൾ

| ക്രമ നമ്പർ | സേവന പാക്കേജ് | പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സേവനം | സേവനം ലഭ്യമായിട്ടുണ്ടോ (ഉണ്ട്/ഇല്ല) | തുടർച്ചയായി ലഭിക്കേണ്ട സേവനങ്ങൾ ലഭിക്കുന്നുണ്ടോ | അംഗീകരിച്ച പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക** | ചെലവായ തുക** | ഒഴിവാക്കാവുന്ന സേവനങ്ങൾ* | തുടരേണ്ട സേവനങ്ങൾ* | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ഭക്ഷണം | | | | | | | | |
| 2 | ചികിത്സ | | | | | | | | |
| 3 | വസ്ത്രം | | | | | | | | |
| 4 | ഭൂമി | | | | | | | | |
| 5 | വീട് | | | | | | | | |
| 6 | കുടിവെള്ളം | | | | | | | | |
| 7 | സ്വയംതൊഴിൽ | | | | | | | | |
| 8 | വിദ്യാഭ്യാസം | | | | | | | | |
| 9 | മറ്റുള്ളവ .......... | | | | | | | | |
| 10 | | | | | | | | | |
| 11 | | | | | | | | | |
| 12 | | | | | | | | | |
| ആകെ | | | | | | | | | |

* ആവശ്യമായ കോളത്തിൽ ടിക്ക് ചെയ്യുക.

** ഗുണഭോക്താവിൽ നിന്നും ലഭ്യമല്ലെങ്കിൽ ഓഫീസ് രേഖയിൽ നിന്നും എടുക്കാവുന്നതാണ്.

മറ്റുള്ളവ എന്തെന്ന് വ്യക്തമാക്കുക.

അനുബന്ധം 1 ഫോറം നമ്പർ 3

13. പുനപരിശോധനയെ തുടർന്ന് കൂട്ടിച്ചേർക്കേണ്ടതെന്ന് കണ്ടെത്തിയിട്ടുള്ള സേവനങ്ങളുടെ ക്രോഡീകരണം.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വയസ്സ് | സേവനം | ആവശ്യമായ തുക * |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| 6. | | | | |

*ആവശ്യം വേണ്ട തുക - ഭക്ഷണം, ഒരു വർഷത്തേയ്ക്കും, ചികിത്സ ആവശ്യമായ സമയത്തേയ്ക്കും കണക്കാക്കണം.

14. പരിശോധന നടത്തിയ ടീമംഗങ്ങൾ

| ക്രമ നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |

അനുബന്ധം -2

# ആശ്രയ പദ്ധതി

(നിലവിലുള്ള പദ്ധതിയുടെ തദ്ദേശ സ്വയംഭരണ തല ക്രോഡീകരണ ഫോറം)

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്:
2. പദ്ധതി കാലഘട്ടം :
3. പദ്ധതി ആരംഭിച്ച വർഷം :
4. ഗുണഭോക്താവ് ഉൾപ്പെടെ ആകെ കുടുംബങ്ങളുടെ എണ്ണം:
5. വിഭാഗം :
6. നിലവിൽ പദ്ധതിയിൽ തുടരേണ്ട കുടുംബങ്ങളുടെ എണ്ണം :
7. നിലവിൽ കുടുംബാംഗങ്ങളുടെ എണ്ണം:
8. റേഷൻ കാർഡ് ലഭ്യമായ കുടുംബങ്ങളുടെ എണ്ണം

| എ.പി.എൽ | ബി.പി.എൽ | എഎവൈ. |
|---|---|---|

ധനകാര്യവിശകലനം (ഘടകങ്ങളുടെ അടിസ്ഥാനത്തിൽ)

| ക്രമ നമ്പർ | സേവന പാക്കേജ് | ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | നിർവ്വഹണ ഏജൻസിക്ക് ലഭിച്ച തുക | ഗുണഭോക്താവിനുവേണ്ടി ചെലവഴിച്ച തുക | ബാക്കി തുക (6-7) | ലഭിക്കാൻ ബാക്കിയുള്ള തുക (5-6) | സേവനം തുടർന്ന് ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഭക്ഷണം | | | | | | | | |
| 2 | ചികിത്സ | | | | | | | | |
| 3 | വസ്ത്രം | | | | | | | | |
| 4 | ഭൂമി | | | | | | | | |
| 5 | വീട് | | | | | | | | |
| 6 | വീട് റിപ്പയർ | | | | | | | | |
| 7 | കക്കൂസ് | | | | | | | | |
| 8 | പെൻഷൻ | | | | | | | | |
| 9 | കുടിവെള്ളം | | | | | | | | |
| 10 | സ്വയംതൊഴിൽ | | | | | | | | |
| 11 | വിദ്യാഭ്യാസം | | | | | | | | |
| 12 | മറ്റുള്ളവ | | | | | | | | |
| 13 | | | | | | | | | |
| | ആകെ | | | | | | | | |

അനുബന്ധം-2-ന്റെ തുടർച്ച

## നിലവിലുള്ള പ്രോജക്ടിന്റെ സ്ഥാപന തല ധനകാര്യവിശകലനം

| ക്രമ നമ്പർ | ഏജൻസി | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി തുക (4-5)+6 | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ഗ്രാമപഞ്ചായത്ത് (പ്ലാൻ&നോൺ പ്ലാൻ) | | | | | |
| 2 | ബ്ലോക്ക് പഞ്ചായത്ത് | | | | | |
| 3 | ജില്ലാ പഞ്ചായത്ത് | | | | | |
| 4 | കുടുംബശ്രീ (ചലഞ്ച് ഫണ്ട്) | | | | | |
| 5 | ആരോഗ്യവകുപ്പ് | | | | | |
| 6 | സാമൂഹ്യക്ഷേമം | | | | | |
| 7 | സന്നദ്ധ സംഘടനകൾ | | | | | |
| 8 | മറ്റുള്ളവ | | | | | |
| | ആകെ | | | | | |

മെമ്പർ സെക്രട്ടറി

കൺവീനർ

സാമൂഹ്യ വികസന ഉപസമിതി

ചെയർപേഴ്സൺ

അനുബന്ധം 3

# ആശ്രയ പദ്ധതി

## തുടർ സേവനം ആവശ്യമുള്ള ഗുണഭോക്താക്കളുടെ പേര് വിവരം

| ക്രമ നമ്പർ | ആദ്യ പ്രോജക്ടിലെ ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും, പൂർണ്ണമായ മേൽവിലാസവും | വ സ് | ആൺ/ പെൺ | എസ്.സി/ എ ്.റ്റി | ആവശ്യമായ സേവനം | ആവശ്യമായ തുക |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

മെമ്പർ സെക്രട്ടറി

കൺവീനർ സാമൂഹ്യ വികസന ഉപസമിതി          ചെയർപേഴ്സൺ

# ആശ്രയ പദ്ധതി

## തുടർ സേവനം സംബന്ധിച്ച പ്രോജക്റ്റ് സംഗ്രഹം

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :
2. പദ്ധതി കാലഘട്ടം
3. പദ്ധതി ആരംഭിച്ച വർഷം: :
4. പുന:പരിശോധനക്ക് ശേഷം പദ്ധതിയിൽ തുടരുന്ന കുടുംബങ്ങളുടെ എണ്ണം

ജനറൽ എസ്.സി എസ്.ടി

ആകെ

| | പുരുഷൻ | സ്ത്രീ |
|---|---|---|
| 5. കുടുംബാംഗങ്ങളുടെ എണ്ണം: ആകെ | | |
| 65 വയസ്സിൽ മുകളിൽ പ്രായമുള്ളവർ | | |
| 15 വയസ്സിൽ താഴെ പ്രായമുള്ളവർ | | |

6. സേവന പാക്കേജുകളടങ്ങിയ ചാർട്ട്

| ക്രമ നമ്പർ | സേവന പാക്കേജ് | സേവനം ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ആവശ്യമായ തുക | തുക വകയിരുത്തുന്ന ഏജൻസി* | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | | | | | |
| 2 | ചികിത്സ | | | | | |
| 3 | വസ്ത്രം | | | | | |
| 8 | പെൻഷൻ | | | | | |
| 9 | കുടിവെള്ളം | | | | | |
| 10 | സ്വയംതൊഴിൽ | | | | | |
| 11 | വിദ്യാഭ്യാസം | | | | | |
| 12 | മറ്റുള്ളവ | | | | | |
| 13 | | | | | | |
| | ആകെ | | | | | |

* നിലവിൽ ഇല്ലെങ്കിൽ കണ്ടെത്തി ഉൾപ്പെടുത്തണം.

ധനകാര്യവിശകലനം

| ക്രമ നമ്പർ | ഏജൻസി | ആവശ്യമായ തുക | ലഭ്യമായ തുക | കണ്ടെത്തേണ്ട തുക | പണം വിനിയോഗിക്കാനുള്ള സേവന പാക്കേജ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| | | | | | | |
| | | | | | | |

മെമ്പർ സെക്രട്ടറി

കൺവീനർ സാമൂഹ്യ വികസന ഉപസമിതി ചെയർപേഴ്സൺ